(ബി) വിഷുവിന് എരുമേലിയിലെത്തിയ തീർത്ഥാടകർക്ക് ജലദൗർലഭ്യം മൂലം ചില ബുദ്ധിമുട്ടുകൾ ഉണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏപ്രിൽ മാസം ജലദൗർലഭ്യമുള്ള അവസരമായതിനാൽ എരുമേലി തോട്ടിൽ വെള്ളമില്ലാതെ വന്നതാണ് ഇതിന്റെ പ്രധാന കാരണം.

(സി) കൂടുതൽ വെള്ളം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കുരട്ടി ആറ്റിൽനിന്നും രണ്ടു പൈപ്പുലൈൻ കൂടി സ്ഥാപിച്ച് എരുമേലി തോട്ടിലെ വെള്ളത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് ദേവസ്വം ബോർഡ് നടപടി സ്വീകരിക്കുന്നുണ്ട്.

റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് നടപടി

*5 [421] ശ്രീ. കെ. വി. കുഞ്ഞിരാമൻ:

" എം. വി. ഗോവിന്ദൻ മാസ്റ്റർ:

" സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(ബി) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന അരിയുടെ ഉപഭോഗം കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) റേഷൻ കടകൾ വഴിയുള്ള അരി വിതരണം കുറഞ്ഞതുമൂലം സംസ്ഥാനത്തെ പല റേഷൻ കടകളും അടച്ചുപൂട്ടിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിനും റേഷൻ ഡിപ്പോ ഉടമകൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും എന്ത് നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) സംസ്ഥാനത്തെ റേഷൻ കടകൾ വഴി ഗുണനിലവാരമുള്ള അരി മാത്രമേ വിതരണം ചെയ്യാവുയെന്ന് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എഫ്. സി. ഐ. - യിൽനിന്നും പൊതു വിതരണത്തിനായി ഓരോ ആഴ്ചയിലും വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കെടുക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ആഫീസറും

LIBRARY ARCHIVES Kerala Legislative Assembly

എഫ്.സി.ഐ. ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ എഫ്.സി.ഐ.-യിൽനിന്നും വിതരണം നടത്തുന്ന അരി റേഷൻ കടകൾ വഴി വിതരണം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സീൽ ചെയ്ത ഭക്ഷ്യ ധാന്യങ്ങളുടെ സാമ്പിൾ എഫ്.സി.ഐ.-യിൽനിന്നും റേഷൻ മൊത്ത വ്യാപാരികളിൽ നിന്നും വിതരണം നടത്തുകയും റേഷൻ കടകളിൽ (കാർഡുടമകൾ കാണത്തക്കവിധം) അത് പ്രദർശിപ്പിക്കുകയും ചെയ്തുവരുന്നു.

(ബി ആന്റ് സി) 1-6-1997 മുതൽ കേന്ദ്ര സർക്കാരന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്ത് എ.പി.എൽ., ബി.പി.എൽ. വേർതിരിവോടെ ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കിയതോടുകൂടി റേഷൻ വിതരണ രംഗത്ത് മാന്ദ്യതയുണ്ടായി. കേന്ദ്ര സർക്കാർ എ.പി.എൽ. കാർഡുകൾക്കുള്ള ഭക്ഷ്യ സബ്സിഡി കുറച്ചതും റേഷൻ പഞ്ചസാര ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വർക്കായി പരിമിതപ്പെടുത്തിയതും എ.പി.എൽ. കാർഡുടമകൾ റേഷൻ കടകളിൽനിന്ന് അകന്നുപോകുന്നതിന് കാരണമായിട്ടുണ്ട്. അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള സംസ്ഥാന സർക്കാരിന്റെ ഫലപ്രദമായ നടപടികളുടെ നിലവിലുണ്ടായിരുന്ന മാന്ദ്യത മാറി റേഷൻ അരിയുടെ ഉപഭോഗം വർദ്ധിച്ചുവരികയാണ്.

(ഡി) ഇല്ല.

(ഇ) പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ പരിമിതികൾക്കകത്തു നിന്നുകൊണ്ട് ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 6389848 റേഷൻ കാർഡുകൾ കമ്പ്യൂട്ടർ സഹായത്തോടെ പുതുക്കി നൽകി. വീടു നമ്പരില്ലാത്ത 2,380 കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകി. അന്ത്യോദയ അന്നയോജന പദ്ധതിയിൽ 1,19,200 കുടുംബങ്ങളെ കൂടി അധികമായി ചേർത്തു. ബി.പി.എൽ. കാർഡുടമകൾക്ക് 1-1-2004 മുതൽ ബി.പി.എൽ. നിരക്കിൽ ഗോതമ്പ് ലഭ്യമാക്കി. റേഷൻ കടകളിൽ സ്റ്റോക്കും വിലയും പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും എ.എ.വൈ., അന്നപൂർണ്ണ ഉപഭോക്താക്കളുടെ ലിസ്റ്റ് റേഷൻ കടകളിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും കർശനമായി നടപ്പാക്കി. എഫ്.സി.ഐ.-യുമായി തുടർച്ചയായി ബന്ധം പുലർത്തിയും നിരന്തരം ജാഗ്രത പാലിച്ചും എല്ലാ ഡിപ്പോകളിലും എല്ലായ്പ്പോഴും ആവശ്യാനുസരണമുള്ള ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത, വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണ നിലവാരം എന്നിവ ഉറപ്പുവരുത്തി. ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കി ബി.പി.എൽ. അരിയുടെ വിതരണം 100 ശതമാനമാക്കാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

റേഷൻ വ്യാപാരം അക്ഷീണം നടത്തികൊണ്ടുപോകുന്നതിന് സഹായകമാകുന്നതിനായി റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ വർദ്ധിപ്പിച്ചു. റേഷൻ വ്യാപാരി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള റേഷൻ വ്യാപാരികൾക്ക് നൽകുന്ന പെൻഷൻ 150 രൂപയിൽ നിന്നും 500 രൂപയായി 2003 ഏപ്രിൽ മാസം മുതൽ വർദ്ധിപ്പിച്ചു നൽകി.

എ.പി.എൽ., ബി.പി.എൽ. തരംതിരിവില്ലാതെ സാർവത്രിക റേഷനിംഗ് സമ്പ്രദായം പുനഃസ്ഥാപിക്കണമെന്ന് പുതിയ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പൊതുവിതരണ സംവിധാനം ആകർഷകമാക്കാൻ കേന്ദ്ര സർക്കാർ തന്നെ സജീവ താൽപര്യം എടുക്കേണ്ടതുണ്ട്.

ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി

*6 [422] ശ്രീ. എ. സി. മൊയ്തീൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

„ ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സർക്കാർ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ ഭക്ഷ്യ സുരക്ഷിതത്വ പ്രശ്നങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഭക്ഷ്യധാന്യങ്ങളുടെ വില നിശ്ചയിക്കുന്നതിലും അലോക്കേഷൻ നടത്തുന്നതിലും കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നയം സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷിതത്വത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുവിതരണ സമ്പ്രദായത്തിൽകൂടി ദരിദ്ര കുടുംബങ്ങൾക്കും മറ്റും ആവശ്യമായതിന്റെ എത്ര ശതമാനം അരിയാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ?

ഭക്ഷ്യവും സാസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സർക്കാർ റേഷൻ വിതരണം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. ദാരിദ്ര്യ രേഖയ്ക്ക് താഴെ തന്നെ കൂടുതൽ പാവപ്പെട്ടവരായിട്ടുള്ളവർക്ക് 3 രൂപാ നിരക്കിൽ അരി വിതരണം ചെയ്യുന്ന അന്ത്യോദയ അന്നയോജന പദ്ധതിയും അഗതികളായവർക്ക് സൗജന്യമായി അരി വിതരണം ചെയ്യുന്ന അന്നപൂർണ്ണ പദ്ധതിയും കേന്ദ്ര സർക്കാർ നിശ്ചയിച്ചുതന്ന ലക്ഷ്യം കൈവരിച്ച് പൂർണ്ണമായ തോതിൽ

LIBRARY ARCHIVES Kerala Legislative Assembly